ബാക്കിയുള്ള 98 കേസുകളിലായി ആകെ 6.5078 ഹെക്ടർ (10.07 ഏക്കർ) ഭൂമി ഒഴിപ്പിക്കാനുണ്ട്. കോഴിക്കോട് ജില്ലയിൽ 13.2324 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറ്റത്തിലൂടെ കൈവശം വച്ചുവരുന്നുണ്ട്. വയനാട് ജില്ലയിൽ 79.5592 ഹെക്ടറും പാലക്കാട് ജില്ലയിൽ 328 കേസുകളിലായി 13.6750 ഹെക്ടർ പുറമ്പോക്ക് ഭൂമിയും, കണ്ണൂർ ജില്ലയിൽ 1.7923 ഹെക്ടർ ഭൂമിയും കാസർഗോഡ് ജില്ലയിൽ 110 പേർ 30.29 ഏക്കർ ഭൂമിയും അനധികൃതമായി കൈവശം വച്ചുവരുന്നത് ഒഴിപ്പിക്കാനുണ്ട്.

(ബി) 1-6-2015-ന് 10 വർഷം പൂർത്തിയാക്കുന്ന മലയോര മേഖലയിൽ സർക്കാർ ഭൂമിയിലെ കൈവശങ്ങളിൽ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങൾ പതിച്ച് നൽകുവാൻ വ്യവസ്ഥ ഉൾപ്പെടുത്തി 1-6-2015-ലെ G.O(P)217/15/RD - SRO No.436/2015 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ടി നോട്ടിഫിക്കേഷൻ G.O.(P)570/15/RD dated 14-10-2015 SRO No.702/2015 പ്രകാരം പിൻവലിച്ചിട്ടുള്ളതാണ്. പ്രസ്തുത വിജ്ഞാപനങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശേഖരിച്ചിട്ടില്ല.

സർക്കാർ ഭൂമിയിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം

185 (1265) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ കടിൽ കെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ പട്ടയത്തിന് അപേക്ഷിച്ചവർ എത്രയുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വർഷങ്ങളായി കെട്ടിക്കിടക്കുന്ന പ്രസ്തുത അപേക്ഷകളിൻമേൽ തീർപ്പ് കല്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ 50 പേരും കാസർഗോഡ് താലൂക്കിൽ 185 പേരും ഹോസ്ദുർഗ് താലൂക്കിൽ 300 പേരും വെള്ളരിക്കുണ്ട് താലൂക്കിൽ 160 പേരും ഉൾപ്പെടെ ആകെ 695 പേർ ഇത്തരത്തിൽ പട്ടയത്തിന് അപേക്ഷിച്ചിട്ടുണ്ട്.

(സി) അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാർ കോളേജിനായി സറണ്ടർ ചെയ്ത ഭൂമി

186 (1266) ശ്രീ. പുരുഷൻ കടവുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കിനാലൂർ കെ.എസ്.ഐ.ഡി.സി. വ്യവസായ വളർച്ചാ കേന്ദ്രത്തിൽ സർക്കാർ കോളേജിനായി സറണ്ടർ ചെയ്ത ഭൂമിയുടെ ഉടമസ്ഥത/കൈവശാവകാശരേഖ ഉന്നതവിദ്യാഭ്യാസ വകുപ്പിന് നൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പ് ഭൂമി കൈമാറ്റ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ബി) ബാധകമല്ല.

സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി

187 (1267) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട് ;

(ബി) ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള തുക എത്ര കോടിയാണ് ; യഥാസമയം വാടക പിരിച്ചെടുക്കാത്തത് മൂലം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായിട്ടാണ് സി. ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പാട്ടകാലാവധി കഴിഞ്ഞിട്ടും സർക്കാരിന് തിരിച്ച് നൽകിയിട്ടില്ലാത്ത കേസുകൾ എത്രയാണ് ; ഇപ്രകാരം എത്ര ഏക്കർ ഭൂമി തിരിച്ച് പിടിക്കേണ്ടതായിട്ടുണ്ട് ; വിശദമാക്കാമോ;

(ഡി) സർക്കാർ ഭൂമിയുടെ പാട്ടവാടക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എപ്പോഴാണ് ; പ്രസ്തുത നിരക്ക് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly